# വിശ്വാസപരിശീലനകേന്ദ്രം

1. **വിശ്വാസപ്രഖ്യാപന ദിനം:** പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ വിശ്വാസപ്രഖ്യാപനം **2025 ഫെബ്രുവരി 02-ാം തീയതി ഞായറാഴ്ചയോ,** സൗകര്യപ്രദമായ മറ്റൊരു ദിവസമോ നടത്താവുന്നതാണ്. (www.catechismernakulam.com എന്ന വെബ്സൈറ്റോ or വചനദീപത്തിലെ 110 - 113 വരെയുള്ള പേജുകളോ കാണുക.)

2. **സന്മാർഗ്ഗബോധന സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷ: IV, VII, X & XII** ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള സ്കോളർഷിപ്പ് പരീക്ഷ **2025 ഫെബ്രുവരി 08 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ.** സ്കോളർഷിപ്പ് പരീക്ഷ നടക്കുന്ന സെന്ററുകൾ അറിയിക്കുന്നതാണ്.

3. **വിശ്വാസപരിശീലനത്തിന്റെ ഒന്നാം ക്ലാസ്സ് മുതൽ ഒൻപതാം ക്ലാസ്സുവരെയുള്ള പരീക്ഷ 2025 ഫെബ്രുവരി 16-ാം തീയതി ഞായറാഴ്ച 10.30 a.m. മുതൽ 12.30 p.m. വരെയാണ്.**

4. **രണ്ടാം സെമസ്റ്റർ പരീക്ഷ:** 10, 11, 12 ക്ലാസ്സുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റ് പരീക്ഷ 2025 ജനുവരി 26-ാം തീയതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ നടത്തി. പത്താം ക്ലാസ് സർട്ടിഫിക്കറ്റ് പരീക്ഷയുടെയും പന്ത്രണ്ടാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയുടെയും ഉത്തരക്കടലാസ്സുകളുടെ പരിശോധന 2025 ജനുവരി 26-ലെ പരീക്ഷയ്ക്കുശേഷം ഫെബ്രുവരി 5-നു മുമ്പ് നടത്തി മാർക്ക് ലിസ്റ്റുകളും, 80 ശതമാനവും അതിൽ കൂടുതലും മാർക്ക് കിട്ടിയ കുട്ടികളുടെ ഉത്തരക്കടലാസ്സുകളും, IED കുട്ടികളുടെ പേപ്പറുകളും, Complaint പേപ്പറുകളും പ്രത്യേകം കവറുകളിലാക്കി അതിരൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കണം. (വചനദീപം, പേജ് 40,41 നോക്കുക).

   പത്താം ക്ലാസ്സിലെ ഉത്തരക്കടലാസ്സുകൾ പരിശോധിച്ച് 80 ശതമാനമോ (ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ 40-ൽ 32 മാർക്കും) അതിൽ കൂടുതലോ മാർക്കുള്ളവരുടെ മാത്രം ഉത്തരക്കടലാസ്സു

കളും മാർക്ക് ലിസ്റ്റും ഫെബ്രുവരി 5-ാം തീയതിക്കകം ഫൊറോനാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. **മാർക്ക് ലിസ്റ്റിൽ പളളിയുടെ സീലും വികാരി അച്ചന്റെ ഒപ്പും ഉണ്ടായിരിക്കണം. അല്ലാത്ത ഉത്തരക്കടലാസ്സുകൾ സ്വീകരിക്കുന്നതല്ല.** ഈ ഉത്തര ക്കടലാസ്സുകൾ വീണ്ടും അതിരൂപതാ തലത്തിൽ റീവാല്യുവേഷൻ നടത്തുന്നതായിരിക്കും. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾക്ക് 90 ശതമാനം മാർക്ക് വാങ്ങുന്നവർക്കാണ് സ്കോളർഷിപ്പ് ലഭി ക്കുക (വചനദീപം, പേജ് 37-38, 41, 46). സ്കോളർഷിപ്പിന് അർഹ രാകുന്ന കുട്ടികൾക്ക് വർഷാവസാനം 90 ശതമാനം ഹാജർ ഉണ്ടായിരിക്കേണ്ടതാണ്. ഹാജർ ശതമാനം മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തേണ്ടതാണ്.

5. **പുനഃപരീക്ഷ: X, XII ക്ലാസ്സുകളിൽ സർട്ടിഫിക്കറ്റ് പരീക്ഷ** ആയതിനാൽ ഈ ക്ലാസ്സുകളിൽ ഒന്നും, രണ്ടും സെമസ്റ്റർ പരീക്ഷകൾ എഴുതുവാൻ സാധിക്കാത്ത കുട്ടികൾക്കും, പരീക്ഷയ്ക്ക് മിനിമം മാർക്ക് (14/40) ലഭിക്കാത്ത കുട്ടികൾക്കുമുള്ള **പുനഃപരീക്ഷ 2025 ഏപ്രിൽ 12-ന്** ആയിരിക്കും. പുനഃപരീക്ഷ നടക്കുന്ന സ്ഥലം പിന്നീട് അറിയിക്കുന്നതായിരിക്കും. പത്താം ക്ലാസ്സിലെ പുനഃപരീക്ഷ അതത് ഇടവകയിൽ നടത്തി **ഏപ്രിൽ 12-ന്** മുമ്പ് മാർക്ക് കാറ്റികോർപ്പിൽ Enter ചെയ്യുക.

6. **സന്മാർഗ്ഗബോധന പൊതുപരീക്ഷ** 2025 ജനുവരി 03 വെള്ളിയാഴ്ച അതത് സ്കൂളുകളിൽ വച്ച് നടന്നു.

7. **ക്രിസ്മസ് കരോൾ ഗാനമത്സരം:** 2024 ഡിസംബർ, കാറ്റക്കീസം അദ്ധ്യാപകർക്കായി നടത്തിയ ക്രിസ്മസ് കരോൾ ഗാനമത്സര ത്തിൽ വിജയികളായ ഇടവകകൾ:

**I$^{st}$ - St. Antony's Church, Mattoor**
**II$^{nd}$ - St. Mary's Church, Palluruthy**
**III$^{rd}$ - St. George Basilica, Angamaly**

മത്സരത്തിൽ പങ്കെടുത്ത ഇടവകകൾക്ക് നന്ദിയും സമ്മാനാർഹ രായവർക്ക് അഭിനന്ദങ്ങളും അറിയിക്കുന്നു.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**